# യോഗാ: ആർക്കാണ് ഭയം?

ഡോ. എം. കുര്യൻ തോമസ്

മലങ്കര സഭയിലെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് കാലംചെയ്തത് 1980 ഓഗസ്റ്റ് 31-ന്. അന്നദ്ദേഹത്തിനു പ്രായം 91. ആറടിയിലധികം ഉയരമുണ്ടായിരുന്ന അദ്ദേഹത്തിനു കാലംചെയ്യുമ്പോൾ കാര്യമായ യാതൊരു അസുഖവുമില്ലായിരുന്നു.

ഭക്ഷണത്തിലും ജീവിതത്തിലും കൃത്യതയും നിഷ്ഠയും സൂക്ഷിച്ചിരുന്ന പാറേട്ട് മെത്രാച്ചൻ കാലംചെയ്യുന്നതിന് ഒരു മാസം മുമ്പുവരെ നിത്യവും യോഗാ അനുഷ്ഠിക്കുമായിരുന്നുവെന്ന് അധികം പേർക്ക് അറിയില്ല. അതും ശീർഷാസനമടക്കം! ശെമ്മാശനായിരുന്ന കാലത്താണ് യോഗാ അനുഷ്ഠാനം ആരംഭിച്ചതെന്ന് അദ്ദേഹംതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. പുതുപ്പള്ളി വല്യപാറേട്ട് മാത്യൂസ്, ശെമ്മാശപ്പട്ടത്തിന്റെ ആദ്യപടിയായ കോറൂയാ സ്ഥാനം സ്വീകരിക്കുന്നത് 1899 ജൂൺ 7-നു പുതുപ്പള്ളി പള്ളിയിൽ വെച്ചാണ്. 1908 മെയ് 17-നു യെറുശലേമിൽ വെച്ചാണ് അദ്ദേഹം പൂർണ്ണശെമ്മാശപ്പട്ടം സ്വീകരിക്കുന്നത്. അവിടംതൊട്ടു കണക്കാക്കിയാലും കുറഞ്ഞപക്ഷം നീണ്ട 72 വർഷം അദ്ദേഹം യോഗാ അനുഷ്ടിച്ചു. അതിനിടയിൽ അദ്ദേഹം കത്തനാരും മെത്രാനും മെത്രാപ്പോലീത്തായുമായി. ഒരു ഘട്ടത്തിലും യോഗാ മുടക്കിയില്ല. അനുഷ്ഠിക്കുക മാത്രമല്ല, ശാരീരിക വൈഷമ്യങ്ങൾ നേരിട്ട വാത്സല്യ ശിഷ്യനെ യോഗാ പരിശീലിപ്പിക്കുകയും ചെയ്തു!

നസ്രാണി പൗരുഷം തിളയ്ക്കുന്ന പാറേട്ട് കൊച്ചുമാത്തുവിന്റെ മകനും, ജാത്യാഭിമാനിയും വിശ്വാസ സംരക്ഷകനുമായ പ. വട്ടശ്ശേരിൽ തിരുമേനിയുടെ അരുമ ശിഷ്യനുമായ പാറേട്ട് മെത്രാച്ചൻ എന്ന യാഥാസ്ഥിതിക ഓർത്തഡോക്സ് ക്രിസ്ത്യാനിക്ക് യോഗാ അനുഷ്ഠിക്കുന്നത് തന്റെ മതവിശ്വാസത്തെ ഏതെങ്കിലും വിധത്തിൽ ഭംഞ്ജിക്കുന്ന ഒന്നായി തോന്നിയില്ല. അദ്ദേഹത്തിനു മാത്രമല്ല, അദ്ദേഹത്തിന്റെ കാലാകാലങ്ങളിലെ മേൽസ്ഥാനികൾക്കും തോന്നിയില്ല എന്നതാണ് പ്രാധാനം. അവരിലൊരാൾ വ്യായാമത്തിനായി ഷട്ടിൽ ബാറ്റ്മിന്റെൻ കളിക്കുന്നതിൽനിന്നും യുവവായ ഒരു മെത്രാപ്പോലീത്തായെ വിലക്കിയ വ്യക്തിയാണ്! പാറേട്ട് മെത്രാച്ചൻ യോഗാ തുടങ്ങിയ കാലത്തല്ല, അദ്ദേഹം കാലംചെയ്ത 1980-ൽ പോലും യോഗാ ഒരു വ്യായാമമുറയായി സാധാരണ ജനങ്ങളുടെ ഇടയിൽ പ്രചരിച്ചിരുന്നില്ല എന്നതും ഓർക്കണം.

ആയുർവേദം, യോഗ, കളരിപ്പയറ്റ് അവയൊക്കെ ഇന്ത്യൻ ശാസ്ത്രങ്ങളാണ്. അവയൊന്നും പരിശീലിക്കുന്നതോ അനുഷ്ഠിക്കുന്നതോ മൂലം ഒരുവന്റേയും ക്രിസ്തുമത വിശ്വാസത്തിന് ഒരു കോട്ടവും സംഭവിക്കുകയില്ല. അവ പരിശീലിക്കുന്നവർ വേറേതെങ്കിലും മതത്തിലെ അംഗമായതായി കണക്കാക്കാവാനുമാവില്ല. അക്യുപംങ്ചർ നടത്തുന്നവർ ചൈനയിലെ കൺഫ്യൂഷ്യസ് മതക്കാരാണന്ന് ആരും അവകാശപ്പെടുന്നില്ലല്ലോ. 14 വർഷം കളരിപ്പയറ്റും മർമ്മാണി വിദ്യയും പരിശീലിച്ചശേഷം സെമിനാരിയിൽ ചേർന്ന് പഠനം പൂർത്തിയാക്കി കത്തനാരായവർ ഇന്ന് മലങ്കരസഭയിലുണ്ട്. എൻജിനിയറിംഗോ നേഴ്സിങ്ങോ പഠിച്ചശേഷം സെമിനാരിയിൽ പ്രവേശിച്ചവരെപ്പോലെ *പ്രൊഫഷണൽ* ആയി മാത്രമാണ് അവരെ കണക്കാക്കുന്നത്. അല്ലാതെ പതിതരായല്ല. സായിപ്പ് പ്രചരിപ്പച്ചതു മാത്രമാണ് ക്രിസ്തുമതത്തിന്റെ ചേരുവകൾ എന്ന് സായിപ്പിനേക്കാൾ മുമ്പ് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച യഥാർത്ഥ നസ്രാണി വിശ്വസിക്കുന്നില്ല. അതിന്റെ തത്വശാസ്ത്രം പ്രചരിപ്പിക്കുന്നുമില്ല.

ഇതിന്റെ ഗുരുതരമായ മറുവശംകൂടെ പറയാതെ ഈ കുറിപ്പ് അവസാനിപ്പിക്കാനാവില്ല. ആയുർവേദവും യോഗയുമൊക്കെ ഒരു മതത്തിന്റെ സൃഷ്ടിയാണന്നും, അവ പരക്കെ ഉപയോഗിക്കുന്നത് ആ മതത്തിന്റെ മേധാവിത്വം ഉറപ്പിച്ചതിന്റെ ലക്ഷണമാണന്നും ആരെങ്കിലും ചിന്തിക്കുന്നുണ്ടെങ്കിൽ അത് തികച്ചും പ്രതിഷേധാർഹവും വിഢിത്തരവുമാണ്. താല്പര്യമില്ലാത്തവരുടെമേൽ അടിച്ചേൽപ്പിക്കുന്നതും എതിർക്കപ്പെടേണ്ടതാണ്. ഇത്തരം ശാസ്ത്രങ്ങളൊക്കെ സംസ്കാരത്തിന്റെ ഭാഗമാണ്. ഇതേപോലെ മതവിശ്വാസങ്ങളും സംസ്കാരത്തിന്റെ ഭാഗം മാത്രമാണ്. മതം സംസ്ക്കാരമല്ല. മതപരമായി ചിന്തിച്ചാൽ ഇന്ത്യയിൽ ആയുർവേദം വികസിപ്പിച്ചതും പ്രചരിപ്പിച്ചതും ബുദ്ധമാർഗ്ഗവും അതിന്റെ തത്വശാസ്ത്രവുമാണ്. അതുകൊണ്ട് ആയുർവേദ ചികിൽസ തേടുന്നവർ ആദ്യം ബുദ്ധമാർഗ്ഗം സ്വീകരിക്കണമെന്ന് ആരെങ്കിലും വാദിച്ചാൽ അത് ശുദ്ധ മൗഢ്യമായിരിക്കുമെന്നതിൽ രണ്ടു പക്ഷമില്ല.

*സൂര്യനമസ്ക്കാരം* എന്ന പേരു കേട്ടതുകൊണ്ടു മാത്രം ആരും വെറളിപിടിക്കേണ്ട കാര്യമില്ല. അതിനും യാതൊരു മതവുമായി ബന്ധമൊന്നുമില്ല. *ചവന്യ പ്രാശം, അഗസ്ത്യ രസായനം, ബ്രഹ്മ രസായാനം* അവയൊക്കെ കഴിക്കുന്നത് നാമത്തിന്റെ *മതം* നോക്കിയിട്ടാണോ? അവ വികസിപ്പച്ചെടുത്തവർ അവർക്കു താത്പര്യമുള്ള പേരിടും. അതും, അതു സേവിക്കുന്നവരുടെ വിശ്വാസവുമായി ഒരു ബന്ധവുമില്ല. 1957 കാലഘട്ടത്തിലെ മദ്യ നിരോധനവേളയിൽ നുരച്ചുപൊന്തിയ *വിപ്ലവാരിഷ്ടം* എന്ന വ്യാജമദ്യവും *വിപ്ലവവും* തമ്മിലുള്ള ബന്ധമേ ഇവയ്ക്കുള്ളു. ഇവയെപ്പറ്റിയൊക്കെ ചില എട്ടുകാലി മമ്മൂഞ്ഞുമാർ *അത് ഞമ്മളാണ്* എന്നു വീമ്പിളക്കുന്നതിന് മറുപടി പറയുന്നത് ഇന്ത്യൻ സംസ്കാരത്തിന് യോജിച്ചതല്ല എന്നുമാത്രം പറയാം.

*സൂര്യനമസ്ക്കാരം* എന്ന യോഗാസനവിധി പ്രഭാതത്തിൽ കിഴക്കോട്ടും പ്രദോഷത്തിൽ പടിഞ്ഞാട്ടും സൂര്യാഭിമുഖമായി മാത്രമേ ചെയ്യാവു എന്നുണ്ടോ? ഈ ലേഖകനറിയില്ല. ഒന്നു വ്യക്തമാണ്, പേരുകൊണ്ടുമാത്രം സൂര്യനമസ്ക്കാരം നിഷിദ്ധമാവുന്നില്ല. അങ്ങിനെ ചിന്തിക്കുന്നത് സാംസ്കാരിക സങ്കുചിതത്വമാണ്. ഔഷധമായി *അഗസ്ത്യ രസായനം* കഴിക്കുന്നതുപോലെ ഒരു വ്യായാമമുറ എന്നരീതിയിൽ *സൂര്യനമസ്ക്കാരം* അനുഷ്ഠിക്കുന്നതിലും തെറ്റില്ല. അവയിലൊന്നും ആരും *മതം* മേമ്പൊടി ചേർക്കാതിരുന്നാൽ മതി.

യോഗയുമായി ബന്ധപ്പെട്ട *ഓം* മുതലായ ശബ്ദങ്ങളാണ് അടുത്ത വിഷയം. അവ മതചിഹ്നങ്ങളായതിനാൽ യോഗാ പാടില്ലന്ന് ഒരു കൂട്ടർ. അവയില്ലങ്കിൽ യോഗ ഇല്ലന്നും, യോഗ തങ്ങളുടെ മതോല്പന്നമാണന്നും വേറൊരു കൂട്ടർ. കരാട്ടേയും കങ്ഫൂവും പോലുള്ള ആയോധന ശാസ്ത്രങ്ങളിൽ ഉപയോഗിക്കുന്ന ശബ്ദങ്ങൾപോലെ സാങ്കേതിക പ്രത്യയം മാത്രമാണ് ഇവയെന്ന്

അംഗീകരിക്കാൻ ഇരുകൂട്ടരും തയാറല്ല. യോഗ പോലുള്ള ശാസ്ത്രങ്ങൾ തങ്ങളുടെ സംസ്കാരത്തിന്റെ സൃഷ്ടിയാണന്ന് മനസിലാക്കാനും അതിൽ അഭിമാനിക്കാനും ഇരുപക്ഷക്കാർക്കും കഴിവില്ല.

*വാൽക്കഷണം* - ചെണ്ടമേളത്തോട് വിരക്തി പ്രകടിപ്പിച്ചിരുന്ന ഒരു മെത്രാപ്പോലീത്തായെ *സുഖിപ്പിക്കുവാൻ* ഒരു വൈദീകൻ അദ്ദേഹം സന്നിഹിതനായ ഒരു പൊതു സദസ്സിൽവെച്ച് പരസ്യമായി പറഞ്ഞു, പള്ളിപ്പെരുന്നാളിന് ചെണ്ടകൊട്ടുന്നത് *അയ്യപ്പൻ തിന്തകത്തോം, സ്വാമി തിന്തകത്തോം* എന്നാണന്ന്! കേട്ടിരുന്ന ഒരു സാദാ നസ്രാണി ഉടൻ എഴുന്നേറ്റു ചോദിച്ചു. *അച്ചന്റെ ചെവിക്കു വല്ല കുഴപ്പവുമുണ്ടോ. ഞാൻ കേട്ടത് കർത്താവ് തിന്തകത്തോം, യേശു തിന്തകത്തോം എന്നാണ്.* സ്ഥലത്ത് ഹാജരില്ലായിരുന്ന ചെണ്ട ഒന്നും മിണ്ടിയുമില്ല. മെത്രാച്ചനും മിണ്ടിയില്ല.

(*മാർത്തോമ്മൻ റ്റി. വി. ഓൺലൈൻ* - 17 ജൂൺ 2015)